**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2544** **27-02-2023 - ൽ മറുപടിയ്ക്ക്**

**കൃഷിഭവൻ മുഖേന ബില്ലുകൾ അടക്കുന്ന കർഷകരുടെ വൈദ്യുതി കണക്ഷനുകൾ വിച്ഛേദിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക ആവശ്യത്തിന് ഉപയോഗിക്കുന്നതും നിലവിൽ കൃഷിഭവൻ മുഖേന വൈദ്യുതി ബില്ലുകൾ അടച്ചുവരുന്നതുമായ കർഷകരുടെ വൈദ്യുതി കണക്ഷനുകൾ കൃഷിഭവനിൽ നിന്നും യഥാസമയം ബിൽ തുക അടയ്ക്കാത്തതിനാൽ വിച്ഛേദിക്കുന്നതിന് വൈദ്യുതി വകുപ്പ് നിർദ്ദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ; | (എ) | കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ലെ 138 -)0 റെഗുലേഷൻ (ഉപ ചട്ടം 1 (a)) പ്രകാരം ഉപഭോക്താവ് ഇലക്ട്രിസിറ്റി ബില്ലിലോ നോട്ടീസിലോ പ്രതിപാദിച്ചിട്ടുള്ള തുക നിശ്ചിത തീയതിക്കുള്ളിൽ ലൈസൻസിക്ക് നൽകിയില്ലെങ്കിൽ വൈദ്യുതി വിച്ഛേദിക്കാവുന്നതാണ്. എന്നാൽ കാർഷികാവശ്യത്തിനായി വൈദ്യുതി കണക്ഷനുകൾ വിച്ഛേദിക്കുന്നതിനു പ്രത്യേകമായി ഉത്തരവുകളോ നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | നിലവിൽ കൃഷിഭവൻ മുഖേന ബില്ലുകൾ അടച്ചുവരുന്ന വൈദ്യുതി കണക്ഷനുകൾ കൃഷിഭവൻ യഥാസമയം അടയ്ക്കാതിരിക്കുമ്പോൾ കെ.എസ്.ഇ.ബി. അധികൃതർ കർഷകരെ ഭീഷണിപ്പെടുത്തി ബിൽ തുക അടപ്പിക്കുന്നതും അല്ലാത്തവരുടെ കണക്ഷനുകൾ വിച്ഛേദിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ